**15 -ാം കേരള നിയമസഭ**

**16 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2292** **05-02-2026 - ൽ മറുപടിയ്ക്ക്**

**പൂഞ്ഞാർ മണ്ഡലത്തിൽ ഭക്ഷ്യ - പൊതുവിതരണവകുപ്പ് നടപ്പാക്കിയ പദ്ധതികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ** | | **ശ്രീ ജി ആർ അനിൽ<br>(ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി)** | |
| (എ) | ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം പൂഞ്ഞാർ മണ്ഡലത്തിൽ ഭക്ഷ്യ-പൊതുവിതരണ വകുപ്പ് എന്തെല്ലാം പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ടെന്നും ഓരോ പദ്ധതിക്കും എത്ര രൂപ വീതം ചെലവഴിച്ചിട്ടുണ്ടെന്നും അറിയിക്കാമോ; | (എ) | സർക്കാർ അധികാരത്തിൽ വന്നശേഷം പൂഞ്ഞാർ നിയോജക മണ്ഡലത്തിൽ ആരംഭിച്ച പദ്ധതികൾ ചുവടെ ചേർക്കുന്നു.<br>1.പൂഞ്ഞാർ നിയോജക മണ്ഡലത്തിലെ മീനച്ചിൽ താലൂക്കിലെ തിക്കോയി (1337211), കാഞ്ഞിരപ്പള്ളി താലൂക്കിലെ ഊരക്കനാട് 1526169 എന്നിവിടങ്ങളിൽ പുതിയ റേഷൻ കടകൾ പ്രവർത്തനം ആരംഭിച്ചു.<br>2. കെ-സ്റ്റോർ - നിലവിൽ റേഷൻ കടകൾ വഴി നൽകി വരുന്ന സേവനങ്ങൾക്ക് പുറമേ സപ്ലൈകോയുടെ ശബരി ഉത്പന്നങ്ങൾ, മിൽമ ഉത്പന്നങ്ങൾ, IOC യുടെ ചോട്ടു ഗ്യാസ് (5kg), വ്യവസായ വാണിജ്യ വകുപ്പിന് കീഴിലുള്ള MSMEകൾ ഉൽപാദിപ്പിക്കുന്ന നിത്യോപയോഗ സാധനങ്ങൾ, കേരള സംസ്ഥാന കശുവണ്ടി വികസന കോർപ്പറേഷന്റെ ഉത്പന്നങ്ങൾ എന്നിവ കെ-സ്റ്റോറുകളിൽ ലഭ്യമാണ്. കൂടാതെ CSC രജിസ്ട്രേഷൻ നടത്തിയിട്ടുള്ള കെ-സ്റ്റോറുകളിൽ നിന്നും 10,000/- രൂപ വരെ Aadhar Enabled Payment System (AEPS) മുഖേനെ പിൻവലിക്കുന്നതിനും നിക്ഷേപിക്കുന്നതിനുമുള്ള മിനി ബാങ്കിങ് സംവിധാനം യൂട്ടിലിറ്റി ബിൽ പേയ്മെന്റ്, ടിക്കറ്റ് ബുക്കിംഗ് എന്നീ സൗകര്യങ്ങളും കെ-സ്റ്റോറുകളിലൂടെ നൽകിവരുന്നു.പൂഞ്ഞാർ നിയോജക മണ്ഡലത്തിൽ, മീനച്ചിൽ, കാഞ്ഞിരപ്പള്ളി താലൂക്കുകളിലായി 23 കെ സ്റ്റോറുകൾ പ്രവർത്തിക്കുന്നുണ്ട്. (കാഞ്ഞിരപ്പള്ളി-18 കടകൾ, മീനച്ചിൽ-5 കടകൾ). വിശദാംശം അനുബന്ധമായി ചേർക്കുന്നു.<br>3. ഒപ്പം പദ്ധതി - വാർദ്ധക്യവും രോഗങ്ങളും കാരണം സാധനങ്ങൾ വാങ്ങാൻ റേഷൻ കടകളിൽ എത്താൻ കഴിയാത്ത അങ്ങേയറ്റം ദരിദ്രരായ കുടുംബങ്ങൾക്ക് ഓട്ടോറിക്ഷ തൊഴിലാളികളുടെ കൂട്ടായ്മയുമായി സഹകരിച്ച് എല്ലാ മാസവും 10ന് മുമ്പ് സൗജന്യമായി റേഷൻ വിഹിതം വീടുകളിൽ എത്തിക്കുകയാണ് |

| | | | |
|---|---|---|---|
| | | | സർക്കാർ ഈ പദ്ധതി കൊണ്ട് ലക്ഷ്യമിടുന്നത്. പൂഞ്ഞാർ നിയോജക മണ്ഡലത്തിൽ കാഞ്ഞിരപ്പള്ളി താലൂക്കിൽ ഒപ്പം പദ്ധതിയിൽ 6 ഗുണഭോക്താക്കളുണ്ട്.<br>4. സുഭിക്ഷ പദ്ധതി - പൂഞ്ഞാർ നിയോജക മണ്ഡലത്തിൽ കാഞ്ഞിരപ്പള്ളി താലൂക്കിൽ മുക്കൂട്ടുത്തറയിൽ പ്രവർത്തിക്കുന്ന സുഭിക്ഷ ഹോട്ടൽ 30-04-2022 ൽ പ്രവർത്തനം ആരംഭിച്ചു. സുഭിക്ഷ ഹോട്ടലിന്റെ പ്രാരംഭ പ്രവർത്തനങ്ങൾക്കായി 4,26,201/-രൂപ അനുവദിച്ച് നൽകിയിട്ടുണ്ട്. കൂടാതെ 2022 മെയ്യ് മുതൽ 2025 ഡിസംബർ വരെ ഉച്ചഭക്ഷണം നൽകിയതിന്റെ സബ്സിഡി ഇനത്തിൽ 15,13,861/- രൂപയും അനുവദിച്ച് നൽകിയിട്ടുണ്ട്. |
| (ബി) | മണ്ഡലത്തിൽ ഭക്ഷ്യ-പൊതുവിതരണവകുപ്പ് നാളിതുവരെ എത്ര കെ-സ്റ്റോറുകൾ അനുവദിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ? | (ബി) | സർക്കാർ അധികാരത്തിൽ വന്നശേഷം പൂഞ്ഞാർ നിയോജക മണ്ഡലത്തിൽ ആരംഭിച്ച പദ്ധതികൾ ചുവടെ ചേർക്കുന്നു.<br>1.പൂഞ്ഞാർ നിയോജക മണ്ഡലത്തിലെ മീനച്ചിൽ താലൂക്കിലെ തിക്കോയി (1337211), കാഞ്ഞിരപ്പള്ളി താലൂക്കിലെ ഊരക്കനാട് 1526169 എന്നിവിടങ്ങളിൽ പുതിയ റേഷൻ കടകൾ പ്രവർത്തനം ആരംഭിച്ചു.<br>2. കെ-സ്റ്റോർ - നിലവിൽ റേഷൻ കടകൾ വഴി നൽകി വരുന്ന സേവനങ്ങൾക്ക് പുറമേ സപ്ലൈകോയുടെ ശബരി ഉത്പന്നങ്ങൾ, മിൽമ ഉത്പന്നങ്ങൾ, IOC യുടെ ചോട്ടു ഗ്യാസ് (5kg), വ്യവസായ വാണിജ്യ വകുപ്പിന് കീഴിലുള്ള MSMEകൾ ഉൽപാദിപ്പിക്കുന്ന നിത്യോപയോഗ സാധനങ്ങൾ, കേരള സംസ്ഥാന കശുവണ്ടി വികസന കോർപ്പറേഷന്റെ ഉത്പന്നങ്ങൾ എന്നിവ കെ-സ്റ്റോറുകളിൽ ലഭ്യമാണ്. കൂടാതെ CSC രജിസ്ട്രേഷൻ നടത്തിയിട്ടുള്ള കെ-സ്റ്റോറുകളിൽ നിന്നും 10,000/-രൂപ വരെ Aadhar Enabled Payment System (AEPS) മുഖേനെ പിൻവലിക്കുന്നതിനും നിക്ഷേപിക്കുന്നതിനുമുള്ള മിനി ബാങ്കിങ് സംവിധാനം യൂട്ടിലിറ്റി ബിൽ പേയ്മെന്റ്, ടിക്കറ്റ് ബുക്കിംഗ് എന്നീ സൗകര്യങ്ങളും കെ-സ്റ്റോറുകളിലൂടെ നൽകിവരുന്നു.പൂഞ്ഞാർ നിയോജക മണ്ഡലത്തിൽ, മീനച്ചിൽ, കാഞ്ഞിരപ്പള്ളി താലൂക്കുകളിലായി 23 കെ സ്റ്റോറുകൾ പ്രവർത്തിക്കുന്നുണ്ട്. (കാഞ്ഞിരപ്പള്ളി-18 കടകൾ, മീനച്ചിൽ-5 കടകൾ). വിശദാംശം അനുബന്ധമായി ചേർക്കുന്നു.<br>3. ഒപ്പം പദ്ധതി - വാർദ്ധക്യവും രോഗങ്ങളും കാരണം സാധനങ്ങൾ വാങ്ങാൻ റേഷൻ കടകളിൽ എത്താൻ കഴിയാത്ത അങ്ങേയറ്റം ദരിദ്രരായ കുടുംബങ്ങൾക്ക് ഓട്ടോറിക്ഷ തൊഴിലാളികളുടെ കൂട്ടായ്മയുമായി സഹകരിച്ച് എല്ലാ മാസവും 10ന് മുമ്പ് സൗജന്യമായി റേഷൻ വിഹിതം വീട്ടുകളിൽ എത്തിക്കുകയാണ് സർക്കാർ ഈ പദ്ധതി കൊണ്ട് ലക്ഷ്യമിടുന്നത്. |

| | | | |
|---|---|---|---|
| | | | പൂഞ്ഞാർ നിയോജക മണ്ഡലത്തിൽ കാഞ്ഞിരപ്പള്ളി താലൂക്കിൽ ഒപ്പം പദ്ധതിയിൽ 6 ഗുണഭോക്താക്കളുണ്ട്.<br>4. സുഭിക്ഷ പദ്ധതി - പൂഞ്ഞാർ നിയോജക മണ്ഡലത്തിൽ കാഞ്ഞിരപ്പള്ളി താലൂക്കിൽ മുക്കൂട്ടുത്തറയിൽ പ്രവർത്തിക്കുന്ന സുഭിക്ഷ ഹോട്ടൽ 30-04-2022 ൽ പ്രവർത്തനം ആരംഭിച്ചു. സുഭിക്ഷ ഹോട്ടലിന്റെ പ്രാരംഭ പ്രവർത്തനങ്ങൾക്കായി 4,26,201/-രൂപ അനുവദിച്ച് നൽകിയിട്ടുണ്ട്. കൂടാതെ 2022 മെയ്യ് മുതൽ 2025 ഡിസംബർ വരെ ഉച്ചഭക്ഷണം നൽകിയതിന്റെ സബ്സിഡി ഇനത്തിൽ 15,13,861/- രൂപയും അനുവദിച്ച് നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

**അനുബന്ധം I**

| ക്രമ നം | റേഷൻകട നമ്പർ | നിയോജക മണ്ഡലം |
|---|---|---|
| **1** | **1526103** | പൂഞ്ഞാർ |
| **2** | **1526140** | പൂഞ്ഞാർ |
| **3** | **1526160** | പൂഞ്ഞാർ |
| **4** | **1526107** | പൂഞ്ഞാർ |
| **5** | **1526153** | പൂഞ്ഞാർ |
| **6** | **1526106** | പൂഞ്ഞാർ |
| **7** | **1526134** | പൂഞ്ഞാർ |
| **8** | **1526154** | പൂഞ്ഞാർ |
| **9** | **1526139** | പൂഞ്ഞാർ |
| **10** | **1526151** | പൂഞ്ഞാർ |
| **11** | **1526069** | പൂഞ്ഞാർ |
| **12** | **1526096** | പൂഞ്ഞാർ |
| **13** | **1526102** | പൂഞ്ഞാർ |
| **14** | **1526168** | പൂഞ്ഞാർ |
| **15** | **1526030** | പൂഞ്ഞാർ |

| | | |
|---|---|---|
| 16 | 1526052 | പൂഞ്ഞാർ |
| 17 | 1526093 | പൂഞ്ഞാർ |
| 18 | 1526149 | പൂഞ്ഞാർ |
| 19 | 1527020 | പൂഞ്ഞാർ |
| 20 | 1527126 | പൂഞ്ഞാർ |
| 21 | 1527173 | പൂഞ്ഞാർ |
| 22 | 1527211 | പൂഞ്ഞാർ |
| 23 | 1527163 | പൂഞ്ഞാർ |

അഡ്വ ജി ആർ അനിൽ
**MINISTER**